"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ 27 JUL 2021

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്-കോവിഡ് 19 മഹാമാരി തീവ്രവ്യാപനത്തിന്റെ സാഹചര്യത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് സംരംഭം നടത്തുന്നതിനുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും(ഇ) വകുപ്പ്

സ.ഉ.(സാധാ) നം.887/2021/തൊഴിൽ തീയതി,തിരുവനന്തപുരം, 23/07/2021

പരാമർശം:- 1 കേരള സ്റ്റേറ്റ് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ തൃശ്ശൂർ ഡിസ്ട്രിക്ട് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസ്സോസ്സിയേഷൻ എന്നീ സംഘടനകളുടെ ജനറൽ സെക്രട്ടറിമാരുടെ 16.10.2020 ലെ നിവേദനങ്ങൾ.

2 ലേബർ കമ്മീഷണറുടെ 04.11.2020 ലെ ഇ.എൻ(1) 10827/2020 നം. കത്ത്.

ഉത്തരവ്

1961 ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം, എല്ലാ വർഷവും ഒക്ടോബർ 31 നകം പുതുക്കേണ്ടുന്ന, മോട്ടോർ ട്രാൻസ്പോർട്ട് സംരംഭം നടത്തുന്നതിനുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, കോവിഡ് 19 മഹാമാരി തീവ്രവ്യാപനത്തോടെ ബന്ധപ്പെട്ട ഓഫിസുകളിൽ നേരിട്ട് പോയി പുതുക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ കോവിഡ് 19-ന്റെ തീവ്രവ്യാപന കുറയുന്നതുവരെ, ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുവാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കേരള സ്റ്റേറ്റ് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ തൃശ്ശൂർ ഡിസ്ട്രിക്ട് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസ്സോസ്സിയേഷൻ എന്നീ സംഘടനകളുടെ ജനറൽ സെക്രട്ടറിമാർ പരാമർശം (1) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

2) മേൽ വിഷയത്തിൽ സർക്കാർതലത്തിൽ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ലേബർ കമ്മീഷണർ അറിയിച്ചു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് 19 മഹാമാരി തീവ്രവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, 1961 ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം മോട്ടോർ ട്രാൻസ്പോർട്ട് സംരംഭം നടത്തുന്നതിനുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിന് 2021 ഡിസംബർ 31 വരെ സമയം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ലാൽ

അഡിഷണൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.